// കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.
Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 16-06-2012

## പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞത് സർക്കാർ നയംമൂലം

**കെ.എസ്.ടി.എ**

സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതുൾപ്പെടെയുള്ള സർക്കാർ നടപടികളാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയാനിടയാക്കിതെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി അഭിപ്രായപ്പെട്ടു. ഒന്നാം ക്ലാസിലെ പ്രവേശനം 6 വയസാക്കി ഉയർത്തിയതും ഘടനാമാറ്റത്തിന്റെ പേരിൽ ടി.സി നൽകേ തില്ലെന്ന സർക്കാർ നിർദ്ദേശവും ഇതുാക്കിയ ആശയക്കുഴപ്പവും സ്കൂൾ പ്രവേശനത്തെ ബാധിച്ചിട്ട്. 4,70,000 കുട്ടികൾ 10-ാം തരം പരീക്ഷകഴിഞ്ഞ് പുറത്തുപോയപ്പോൾ 3,23,372 കുട്ടികളാണ് ഒന്നാം ക്ലാസിൽ പ്രവേശനം നേടിയത്. ഇതിന്റെ ഫലമായി ഒന്നരലക്ഷത്തോളം കുട്ടികളുടെ കുറവുായി. ഈ വർഷം 21,000 കുട്ടികളുടെ കുറവാണ് ഒന്നാം ക്ലാസ് പ്രവേശനത്തിൽ ഉായത്. കഴിഞ്ഞവർഷം കേവലം 14,000 മാത്രമായിരുന്നു. കഴിഞ്ഞ 5 വർഷത്തിനിടയിൽ ഒന്നാംക്ലാസിലെ പ്രവേശനം വർദ്ധിച്ചിരുന്നു.

കഴിഞ്ഞ 3 വർഷത്തിനിടയിൽ കാൽലക്ഷം കുട്ടികൾ ഹൈസ്കൂൾ ക്ലാസുകളിൽ അധികമായി പ്രവേശനം നേടിയിരുന്നു. പൊതുവിദ്യാലയം മെച്ചപ്പെടുത്തുന്നതിന് എൽ.ഡി.എഫ് സർക്കാർ സ്വീകരിച്ച നടപടികളാണ് ഇതിനു കാരണം. സി.ബി.എസ്.ഇ സ്കൂളിലെ കുട്ടികളുടെ പ്രവേശനം മാത്രം കണക്കിലെടുത്ത് ഹയർസെക്കന്ററി പ്രവേശനം മാറ്റിയത് കേരളാസിലബസിലേക്കുള്ള വരവിനെ ബാധിച്ചു. 3100 അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം കൊടുക്കാൻ സർക്കാർ നടത്തുന്ന നീക്കങ്ങളും ഈ കുറവിന് കാരണമാണ്. കേരളത്തിലെ ജനന നിരക്കിലെ കുറവും ഒരുകാരണമാണ്. സി.ബി.എസ്.ഇ - അൺ-എയ്ഡഡ് സ്കൂളുകൾ വ്യാപകമാകുന്നതിനുമുൻപ് 2002-03 ൽ 50 ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളിലുായിരുന്നു. ഇപ്പോഴത് 40 ലക്ഷമായി കുറഞ്ഞിട്ട്. 12 വർഷത്തിനിടയിൽ വന്ന കുറവാണിത്.

പൊതുവിദ്യാലയങ്ങൾ മെച്ചപ്പെട്ടിട്ട് എന്ന വസ്തുത എല്ലാവർക്കും അറിയാം. സി.ബി. എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നത് നേട്ടമായി പറയുന്ന സർക്കാരാണ് പൊതുവിദ്യാലയങ്ങളുടെ തകർച്ചയ്ക്ക് കാരണം. പൊതുവിദ്യാലയങ്ങൾ തകർക്കുന്ന സർക്കാർ നയം തിരുത്തിയില്ലെങ്കിൽ വിദ്യാലയ സംരക്ഷണത്തിനുവേി ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി